**പതിമൂന്നാം കേരള നിയമസഭ**
**<u>പതിനൊന്നാം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 577** — **10.06.2014 - ലെ മറുപടിക്ക്**

# കാസർകോഡ് ജില്ലയിൽ വ്യവസായ വികസനം

ചോദ്യം
ശ്രീ. ഇ. ചന്ദ്രശേഖരൻ

മറുപടി
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) കാസർഗോഡ് ജില്ലയിൽ വ്യവസായ വികസനത്തിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (എ) : സംസ്ഥാനാടിസ്ഥാനത്തിൽ നിലവിലുള്ള പദ്ധതികൾക്കു പുറമേ ഡോ. പ്രഭാകരൻ കമ്മീഷൻ ശുപാർശ പ്രകാരം താഴെപ്പറയുന്ന കർമ്മ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട് :<br>1. നിലവിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെയും പ്ലോട്ടുകളുടെയും അടിസ്ഥാന സൗകര്യ വികസനം 647 ലക്ഷം രൂപ<br>2. വ്യവസായ പരിശീലന കേന്ദ്രം 350 ലക്ഷം രൂപ.<br>3. വ്യവസായ പാർക്കുകൾ (റബ്ബർ, വസ്ത്രം, കാർഷികാധിഷ്ഠിതം) - 1704 ലക്ഷം രൂപ.<br>4. ബഹുനില വ്യവസായ സമുച്ചയം 1600 ലക്ഷം രൂപ.<br>5. പഞ്ചായത്ത്തോറും ഒരു മിനി വ്യവസായ പാർക്ക് (48 X 38 എണ്ണം) 1824 ലക്ഷം രൂപ<br>6. പൊതുപ്രവർത്തന സൌകര്യങ്ങൾ 942 ലക്ഷം രൂപ.<br>7. അനന്തപുരം പൊതു മാലിന്യ സംസ്കരണ പ്ലാന്റ് 500 ലക്ഷം രൂപ.<br>8. സ്ഥിരം പ്രദർശന വിപണന കേന്ദ്രങ്ങൾ 800 ലക്ഷം രൂപ. |

| | | |
|---|---|---|
| | | 9. പരമ്പരാഗത സഹകരണ മേഖലയിലെ സാങ്കേതികവിദ്യാ നവീകരണം 795 ലക്ഷം രൂപ.<br>10. കാർഷിക-ഭക്ഷ്യ വ്യവസായങ്ങൾക്കുള്ള വളർച്ചാകേന്ദ്രം 2725 ലക്ഷം രൂപ |
| (ബി) | ജില്ലയിൽ തരിശ് കിടക്കുന്ന റവന്യൂ ഭൂമി പ്രയോജനപ്പെടുത്തി പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുമോ ? | (ബി) : തരിശുകിടക്കുന്ന റവന്യൂ ഭൂമി വ്യവസായ വകുപ്പിന് ലഭ്യമായാൽ ധനലഭ്യതയ്ക്കനുസരിച്ച് വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ